പി.എസ്.സി. നേരിടുന്ന പ്രതിസന്ധി

14 (*314) ശ്രീ. ആർ. രാജേഷ് :
,, സാജു പോൾ :
,, കെ. വി. അബ്ദുൾ ഖാദർ :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഘടനാപരമായി ഏൽപ്പിച്ചിരിക്കുന്ന സുപ്രധാന കടമകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് പബ്ലിക് സർവ്വീസ് കമ്മീഷന് സാധിക്കുന്നുണ്ടോ;

(ബി) ഇതിനാവശ്യമായ ഫണ്ട് സർക്കാർ യഥാസമയം ലഭ്യമാക്കാത്തതിനാൽ, പി.എസ്.സി. നേരിടുന്ന പ്രതിസന്ധി പരിഹരിക്കുമോ;

(സി) സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് പി.എസ്.സി. എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്; ഇവയിൽ ഇപ്പോഴും പരിഹരിക്കപ്പെടാതെ അവശേഷിക്കുന്നവ എന്തെല്ലാം;

(ഡി) പരീക്ഷയും ഇന്റർവ്യൂവും യഥാസമയം നടത്താത്തതിനാൽ ഒട്ടേറെ ഒഴിവുകൾ നികത്തപ്പെടാതെ അവശേഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ധനകാര്യ വിഭാഗത്തിന്റെ പരിശോധന അംഗീകരിക്കില്ലെന്ന പി.എസ്.സി.യുടെ നിലപാട് അംഗീകരിക്കുന്നുണ്ടോ; നിലപാട് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) ഉണ്ട്.

(ബി & സി) സർക്കാർ ഈ സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്നതിനേക്കാൾ അധികമായി 12 കോടി 50 ലക്ഷം രൂപ വിവിധ ഹെഡ്ഡുകളിലായി പി.എസ്.സി.ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 05/12/2015-ൽ സമർപ്പിച്ച ഏഴ് കോടി പതിനഞ്ച് ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ കോഴിക്കോട് ജില്ലയിൽ ഓൺലൈൻ പരീക്ഷാ കേന്ദ്രം സ്ഥാപിക്കുന്നതിനായി സിവിൽ ആന്റ് ഇലക്ട്രിക് വർക്കുകൾക്ക് ഉക അനുവദിക്കുന്നതിനായി ടി പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനാവശ്യമായ എസ്റ്റിമേറ്റ് സഹിതം പ്രൊപ്പോസൽ സമർപ്പിക്കുവാൻ സർക്കാർ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ല.

(ഇ) ഇല്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 283(2) പ്രകാരം കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നുള്ള ധനവിനിയോഗം സംസ്ഥാന സർക്കാരിന്റെ നിയമങ്ങൾക്ക് വിധേയമാണ്. കൺസോളിഡേറ്റഡ് ഫണ്ടിന്റെ കസ്റ്റോഡിയൻ സർക്കാരായതിനാൽ ധനവിനിയോഗം, സാമ്പത്തിക ഇടപാടുകൾ എന്നിവ സംബന്ധിച്ച് അന്വേഷണം നടത്താൻ സർക്കാരിന് അധികാരമുണ്ട്. ആയതിനാൽ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിശോധന അംഗീകരിക്കില്ലെന്ന പി.എസ്.സി. യുടെ നിലപാട് അംഗീകരിക്കാനാവില്ല.

റോഡപകടങ്ങളിൽ മരണമടയുന്ന ചെറുപ്പക്കാരുടെ എണ്ണം

15 (*315) ശ്രീ. സി. മോയിൻ കുട്ടി :

,, അബ്ദുറഹിമാൻ രണ്ടത്താണി :

,, പി. ബി. അബ്ദുൾ റസാക് :

,, കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങളിൽ മരണമടയുന്ന ചെറുപ്പക്കാരുടെ എണ്ണം വർഷംപ്രതി വർദ്ധിച്ചുവരുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സ്ഥിതിവിശേഷത്തിനുള്ള കാരണങ്ങൾ അപഗ്രഥിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) റോഡപകടങ്ങളും അതുമൂലമുള്ള ജീവഹാനിയും കുറച്ചുകൊണ്ടുവരുന്നതിനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ,

(എ-സി) ഉണ്ട്. റോഡപകടങ്ങളിൽ മരണമടയുന്ന ചെറുപ്പക്കാരുടെ മരണനിരക്ക് കൂടാനുള്ള കാരണം ഇരുചക്രവാഹനങ്ങളുടെ ബാഹുല്യമാണ്. 40 മുതൽ 50 ശതമാനം മരണനിരക്കും ഇരുചക്രവാഹനാപകടം മൂലമാണ് സംഭവിക്കുന്നതെന്ന് കണക്കുകൾ വിശദമാക്കുന്നു. സംസ്ഥാന ക്രൈം റിക്കോർഡ്സ് ബ്യൂറോയിൽ ലഭ്യമായ 2014-ലെയും 2015 സെപ്റ്റംബർ മാസം വരെയുമുള്ള കണക്കുകൾ അനുസരിച്ച് റോഡപകടങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly